"ഭരണഭാഷ - മാതൃഭാഷ"

നം:- VHSE/371/2026-C4

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വി.എച്ച്.എസ്.ഇ,
തിരുവനന്തപുരം.
തീയതി : 17-02-2026

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - വി.എച്ച്.എസ്.ഇ - കരിക്കുലം - 2026-27 അധ്യയന വർഷത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ ഓൺലൈൻ ഇൻഡന്റിങ് - സംബന്ധിച്ച്

2026-27 അധ്യയന വർഷത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ ഓൺലൈൻ ഇൻഡന്റിങ് 17.02.2026 ഉച്ചക്ക് 12 മണി മുതൽ 25.02.2026 വൈകുന്നേരം 5 മണിവരെ https://tbms.kite.kerala.gov.in എന്ന സൈറ്റിൽ എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നിന്നും ഇൻഡന്റ് രേഖപ്പെടുത്തേണ്ടതാണ് .

**നിർദേശങ്ങൾ**

- പാഠപുസ്തകങ്ങളുടെ ഓൺലൈൻ ഇൻഡന്റിങ് ചെയ്യുന്നതിനായി **VHSCAP** സൈറ്റിൽ ലോഗിൻ ചെയ്യുന്നതിനുള്ള **USERNAME** , **PASSWORD** എന്നിവ ഉപയോഗിക്കേണ്ടതാണ്

- ടെക്സ്റ്റ് ബുക്ക് ഇൻഡന്റിങ് മോണിറ്ററിങ് സിസ്റ്റം പേജിൽ ലോഗിൻ ബട്ടണിൽ ക്ലിക്ക് ചെയ്ത് **USERNAME** , **PASSWORD** എന്നിവ നൽകി ലോഗിൻ ചെയ്യേണ്ടതാണ് .

- തുടർന്ന് **Captcha** ടൈപ്പ് ചെയ്യുക **VHSCAP Login** -ൽ ക്ലിക്ക് ചെയ്യുക **district** സെലക്ട് ചെയ്ത് ലോഗിൻ ചെയുക .

- തുറന്നു വരുന്ന പേജിൽ ഇടതുവശത്തായി **School profile** എന്നതിൽ ക്ലിക്ക് ചെയ്ത് **school profile** -ൽ ആവശ്യമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവ വരുത്തിയ ശേഷം **Save** ചെയ്യുക .

**Profile Confirm ചെയ്തതിന് ശേഷം മാത്രമേ text book indenting സാധ്യമാവുകയുള്ളു .**

- **School profile confirm** ചെയ്ത ശേഷം വരുന്ന പേജിൽ താഴെയായി **GO to indenting page** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുകയോ ഇടതു വശത്തുള്ള **VHSE Indenting** എന്നതിൽ ക്ലിക്ക് ചെയ്തോ ഇൻഡന്റിങ് ചെയ്ത് തുടങ്ങാവുന്നതാണ് .

- തുറന്നു വരുന്ന പേജിൽ **Book title** -ൽ **English** സെലക്ട് ചെയ്ത് **Standard** -ൽ ഏത് ക്ലാസ്സിലെ ടെക്സ്റ്റ് ബുക്ക് ആണെന്നും നൽകി **submit** ചെയ്ത ശേഷം താഴെയായി ടെക്സ്റ്റ് ബുക്കുകൾ കാണിക്കുന്നതിൽ എണ്ണവും നൽകി **save** ചെയുക.

- പ്ലസ് വൺ , പ്ലസ് ടു ക്ലാസ്സുകളിലേക്കുള്ള പുസ്തകങ്ങളുടെ എണ്ണം മുഴുവനായും നൽകി സേവ് ചെയ്തു എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം **confirm** ചെയുക .

- 0471-2325323 എന്ന നമ്പറും dirvhse.dge@kerala.gov.in എന്ന മെയിൽ ഐഡിയും സംശയ നിവാരണത്തിനായി ഉപയോഗിക്കാവുന്നതാണ് .

- **SCERT** തയ്യാറാക്കിയിട്ടുള്ള പാഠപുസ്തകങ്ങൾക്ക് **2026-27** അധ്യയന വർഷത്തേക്ക് സർക്കാർ അംഗീകരിച്ചിരിക്കുന്ന വിലയാണ് നൽകിയിട്ടുള്ളത് . എന്നാൽ **NCERT** യുടെ പുസ്തകങ്ങൾ അതേപടി സ്വീകരിക്കുന്നവയിൽ കഴിഞ്ഞ വർഷത്തെ വിലയാണ് ഉൾപെടുത്തിയിട്ടുള്ളത് . ഈ വർഷം വില വ്യത്യാസം ഉള്ളതായി **NCERT** അറിയിച്ചാൽ പുസ്തകം വാങ്ങുബോൾ അതിനനുസരിച്ചുള്ള തുക നൽകേണ്ടി വരുന്നതാണ് .

- ഓർഡർ ചെയ്യുന്ന പുസ്തകങ്ങൾ സി - ആപ്റ്റിൽ നിന്നും കൈപ്പറ്റുന്നതിനും അതിനനുസരിച്ച് തുക സി- ആപ്റ്റിന് നൽകുന്നതിനും പ്രിൻസിപ്പൽമാർക്ക് ഉത്തരവാദിത്തം ഉണ്ടായിരിക്കും .

- **2025-26** വരെയുള്ള കുടിശ്ശിക അടിയന്തിരമായി അടച്ചു തീർക്കേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു .

- വിദ്യാർത്ഥികൾക്ക് ആവശ്യമുള്ളത്രയും പുസ്തകങ്ങൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടത് പ്രിൻസിപ്പളിന്റെ ചുമതല ആയതിനാൽ കൃത്യ സമയത്തു തന്നെ ഇൻഡന്റിങ് പൂർത്തിയാക്കേണ്ടതാണ് .

Digitally signed by
LISSY JOSEPH
Date: 17-02-2026
15:57:40

ഡെപ്യൂട്ടി ഡയറക്ടർ ജനറൽ

പകർപ്പ്:

. 1 . എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും

2. എല്ലാ വി.എച്ച്.എസ്.ഇ സ്കൂൾ പ്രിൻസിപ്പൽമാർക്കും ( അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന )